**ഒരു ആത്മകഥ തുടങ്ങുകയാണ്. അലക്സിസ് ലിയോണിൻെറ ഇനിയും പൂർത്തിയാകാത്ത ആത്മകഥ- 'റീ ഇൻവെൻറിങ് ദ വീൽ'. ഒടിഞ്ഞ ചിറകുകൾ വീശി ഉയരങ്ങളിലേക്ക് പറന്ന പക്ഷിയുടെ കഥ. അടഞ്ഞ വാതിലുകളിൽ മുട്ടിത്തളരാതെ തുറന്ന ജാലകത്തിൻെറ ഇത്തിരി വെട്ടത്തിലൂടെ തലനീട്ടി പന്തലിച്ച വൃക്ഷത്തിൻെറ കഥ...**

# ജീവിതം പാഠപുസ്തകം

**സിസി ജേക്കബ്**

"മരിച്ചിരുന്നെങ്കിൽ എന്നു ഞാൻ ആഗ്രഹിച്ചു. മദ്രാസിലെ ഒരാസ്പത്രിയുടെ കാഷ്വാലിറ്റിയിൽ കിടക്കുകയായിരുന്നു ഞാൻ. എനിക്കു ചുറ്റും ഒട്ടേറെ കാര്യങ്ങൾ നടന്നുകൊണ്ടിരുന്നു. ഡോക്ടർമാർ, നഴ്സുമാർ, അറ്റൻഡർമാർ, എല്ലാവരും തിരക്കിട്ട് വന്നുംപോയുമിരുന്നു. യന്ത്രങ്ങൾ മുരളുന്നുണ്ടായിരുന്നു. ഒട്ടേറെ യന്ത്രങ്ങളുമായി എൻെറ ശരീരത്തെ ബന്ധിപ്പിച്ചിരുന്നു. മിന്നിക്കൊണ്ടിരുന്ന മോനിട്ടർ സ്ക്രീനുകളിൽ ജീവൻെറ ഗ്രാഫ് ഉയർന്നും താണും നിന്നു. എങ്ങും യന്ത്രങ്ങളുടെ ബീപ്പ് ബീപ്പ് സ്വരങ്ങൾ..."

ഒരു ആത്മകഥ തുടങ്ങുകയാണ്. അലക്സിസ് ലിയോണിൻെറ ഇനിയും പൂർത്തിയാകാത്ത ആത്മകഥ- "റീ ഇൻവെൻറിങ് ദ വീൽ". ഒടിഞ്ഞ ചിറകുകൾ വീശി ഉയരങ്ങളിലേക്ക് പറന്ന പക്ഷിയുടെ കഥ. അടഞ്ഞ വാതിലുകളിൽ മുട്ടിത്തളരാതെ തുറന്ന ജാലകത്തിൻെറ ഇത്തിരി വെട്ടത്തിലൂടെ തലനീട്ടി പന്തലിച്ച വൃക്ഷത്തിൻെറ കഥ.

കമ്പ്യൂട്ടർ രംഗത്തുള്ള ആളല്ലെങ്കിൽ അലക്സിസ് ലിയോണിനെ നിങ്ങൾ അറിയില്ല. ആ മേഖലയിലുള്ളവർ തന്നെ വിദേശിയാണെന്ന് ധരിച്ചിരിക്കുന്ന മലയാളി. നെഞ്ചിനു താഴേക്കു ചലിപ്പിക്കാനാവാതെ പതിന്നാലു വർഷമായി വീൽചെയറിൽ. ഇക്കാലത്തിനിടെ എഴുതിയത് നാല്പത് പുസ്തകങ്ങൾ. രണ്ടെണ്ണമൊഴികെ എല്ലാം വിവര സാങ്കേതികവിദ്യയുമായി ബന്ധപ്പെട്ടത്. അവയിൽ രണ്ടെണ്ണം ഇൻറർനാഷണൽ ബെസ്റ്റ് സെല്ലേഴ്സ്. മറ്റുള്ളവ ഇന്ത്യ കൂടാതെ ശ്രീലങ്ക, പാകിസ്റ്റാൻ, നൈജീരിയ, എത്യോപ്യ തുടങ്ങിയ രാജ്യങ്ങളിൽ നന്നായി വിറ്റഴിയുന്നു. നാല്പത്തിയൊന്നാമത്തെ പുസ്തകത്തിൻെറ കോപ്പി എഡിറ്റിങ് നടന്നുകൊണ്ടിരിക്കുന്നു. 75000 കോപ്പികൾ വിറ്റഴിഞ്ഞ 'ഫണ്ടമെൻറൽസ് ഓഫ് ഇൻഫർമേഷൻ ടെക്നോളജി'യുടെ രണ്ടാം ഭാഗം.

**1993 ഡിസംബർ രണ്ട്**

ചെന്നൈയിൽ ടാറ്റാ കൺസൾട്ടൻസി സർവീസസ്സിൽ (ടി.സി.എസ്.) സിസ്റ്റം അനലിസ്റ്റായിരുന്നു അലക്സിസ്. രാവിലെ ആറു മണി ഷിഫ്റ്റിൽ ജോലി. സ്വന്തം ബൈക്കിൽ ജോലി സ്ഥലത്തേക്കുപോയി. ഉള്ളം നിറയെ ആനന്ദം. ആ മാസം 26-ന് വിവാഹം നിശ്ചയിച്ചിരിക്കുന്നു. ജനവരി 15-ന് ഒരു സ്വിറ്റ്സർലൻഡ് യാത്ര, കമ്പനിയുടെ അസൈൻമെൻറുമായി.

ഉച്ചയ്ക്കുമുമ്പ് പതിനൊന്നു മണിക്ക് അലക്സിസ് മടങ്ങി, ആറു കി.മീ. അകലെയുള്ള ഫ്ലാറ്റിലേക്ക്. വിവാഹവസ്ത്രങ്ങൾ വാങ്ങാൻ ഭാവിവധുവും അമ്മയും നഗരത്തിലെത്തിയിട്ടുണ്ട്. കാണണം.

തിരക്കേറിയ കവല. ചുവന്ന സിഗ്നൽ, കാത്തുകിടന്നു. പച്ചവെളിച്ചം തെളിഞ്ഞപ്പോൾ വീണ്ടും മുന്നോട്ട്. ഇല്ല, മുന്നോട്ടുപോയില്ല. അതിനു മുമ്പ് സിഗ്നൽ തെറ്റിച്ചുവന്ന ഒരു ഓട്ടോറിക്ഷ അലക്സിസിൻെറ ജീവിതത്തിനുനേരെ ചുവപ്പുവെളിച്ചം തെളിച്ചു.

ബോധം മറയാതെ, ചോരയൊഴുക്കി അലക്സിസ് കിടന്നു. ട്രാഫിക് പോലീസുകാരൻ പൊക്കാൻ നോക്കി. ആവതില്ല. എഴുപത്തിരണ്ടു കിലോ ഭാരം. ഒരു വിധത്തിൽ വലിച്ച് ഒരു വാഹനത്തിൽ കയറ്റിയിട്ടു. ജീവൻ രക്ഷിക്കാൻ ചെയ്ത പ്രവൃത്തി ആ ജീവിതം നശിപ്പിക്കുന്നതായിരുന്നെന്ന് പോലീസുകാരൻ അറിഞ്ഞില്ല.

ആസ്പത്രിയിൽ ഇൻറൻസീവ് കെയർ യൂണിറ്റിൽ വേദനയിൽ മുങ്ങിയും പൊങ്ങിയും ഏഴു ദിവസം. മൂളുന്ന യന്ത്രങ്ങളും ആശങ്ക നിറഞ്ഞ മുഖമുള്ള ഡോക്ടർമാരും. ശരീരത്തിൽ എവിടെയൊക്കെയോ വേദന; നീറ്റൽ. നെറ്റിയിൽ ഒരു മുറിവ്. കോളർബോൺ ഒടിഞ്ഞിട്ടുണ്ട്. വേറെ മുറിവുകളൊന്നുമില്ല. നെഞ്ചിന് താഴേക്ക് ഒന്നും അറിയാനാവുന്നില്ലെന്ന് മാത്രം.

കോളർബോൺ ഒടിഞ്ഞപ്പോൾ ചീറ്റിയൊഴുകിയ ചോര, ശ്വാസകോശത്തിൽ കടന്നു. ശ്വാസകോശം തുളച്ച് അത് ഒഴുക്കിക്കളഞ്ഞു. ഏഴാം ദിവസം ഓപ്പറേഷൻ.

അപ്പോഴും ഭാവി വീൽച്ചെയറിൽ ഒതുങ്ങുമെന്ന് അലക്സിസോ ബന്ധുക്കളോ കരുതിയില്ല. ഡോക്ടർമാരും അങ്ങനെയാണ് പറഞ്ഞിരുന്നതും.

ഓപ്പറേഷനുശേഷം ശരീര ചലനങ്ങളുടെ താളം വീണ്ടെടുക്കാൻ വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളേജിലെത്തിയപ്പോഴാണ് കാലുറപ്പിച്ചു നിൽക്കാനാവാത്ത ജീവിതമാണ് കാത്തിരിക്കുന്നതെന്ന് അലക്സിസ് അറിയുന്നത്.

സുഷുമ്നാനാഡി തകർന്നിരുന്നു. നടക്കാനാവില്ലെന്നറിഞ്ഞിട്ടും അലക്സിസ് കരഞ്ഞില്ല. കടുത്ത നിരാശ തോന്നിയെങ്കിലും പുറത്തു കാട്ടിയില്ല. മൂത്തമകനെകണ്ട് തകർന്ന അച്ഛനമ്മമാരെയും ചേട്ടൻെറ ജീവന് കൂട്ടായിരുന്ന അനുജൻ മാത്യൂസിനെയും വിഷമിപ്പിക്കാതിരിക്കാൻ വേണ്ടി. ഇടയ്ക്ക് ദൈവത്തോടുമാത്രം ചോദിച്ചു. 'എന്തിന് എന്നോടിതു ചെയ്തു?'

സി.എം.സിയിൽ മറ്റൊരു ജീവിതമായിരുന്നു. തൻേറതെനു തുല്യമായ അവസ്ഥയിലുള്ളവർ ചുറ്റിലും. അവർക്കൊപ്പം അലക്സിസും പഠിച്ചു, വിൽചെയറിൽ പിച്ചവെക്കാൻ, വസ്ത്രം ധരിക്കാൻ, കുളിക്കാൻ, എഴുതാൻ, മറ്റ് ദിനചര്യകൾ ചെയ്യാൻ.

**1994 ആഗസ്റ്റ്**

അലക്സിസ് വീണ്ടും ടി.സി.എസിൽ ജോലിക്കെത്തി, പൂർണമായും കൈകൊണ്ട് പ്രവർത്തിപ്പിക്കാവുന്ന മാരുതി 800കാർ സ്വയം ഓടിച്ച്. തുണയായി മാത്യൂസ് ബൈക്കിൽ ഒപ്പം. മെക്കാനിക്കൽ എൻജിനീയറിങ് കഴിഞ്ഞ് ചെന്നൈയിൽ ജോലിക്കെത്തിയതായിരുന്നു മാത്യൂസ്. അലക്സിസിൻെറ ഇരുപത്തിനാല് പുസ്തകങ്ങളുടെ സഹരചയിതാവാണ് മാത്യൂസ്. അവയുടെ ഗ്രാഫിക് ഡിസൈനറും ലേഔട്ട് ആർട്ടിസ്റ്റും മാത്യൂസ് തന്നെയാണ്.

അലക്സിസിനു വേണ്ടി ടി.സി.എസ് താഴത്തെ നിലയിൽ സൗകര്യമൊരുക്കി. തുടർച്ചയായ ഇരിപ്പും തോൾവേദനയും ഉണ്ടാക്കിയ കുഴപ്പങ്ങൾ കാരണം 95ൽ ടി.സി.എസ് വിട്ടു.

വായന പ്രാണനായിരുന്നു അലക്സിസിന്. എന്തുംവായിക്കും. ശാസ്ത്രവും ചരിത്രവും മുതൽ പാചക പുസ്തകങ്ങൾവരെ. എറണാകുളത്ത് കാക്കനാട്ടുള്ള അലക്സിസിൻെറ വീട്ടിലെ (മാത്യൂസിൻെറയും) പഠനമുറിയുടെ മൂന്നുവശവും പുസ്തകങ്ങളാണ്. വായന അലക്സിസിനെ എഴുത്തുകാരനാക്കി.

"ആക്സിഡൻറിന് ശേഷം ദിവസവും ഏഴിന് ഓഫീസിൽ പോകും. നാലിന് തിരിച്ചുവരും. തിരിച്ചുവന്നുകഴിഞ്ഞാൽ സമയം ഇഷ്ടംപോലെ. പുറത്തുപോകാൻ പറ്റില്ലല്ലോ? ആ സമയത്ത് വായിക്കുമായിരുന്നു. തിരുവനന്തപുരം എൻജിനീയറിങ് കോളേജിലാണ് ബി.ടെക്കും എം.ടെക്കും ചെയ്തത്. ബി.ടെക്കിന് ഫസ്റ്റ് റാങ്കുണ്ടായിരുന്നു. തിരുവനന്തപുരത്തെ ഒട്ടുമിക്ക ലൈബ്രറികളിലും ഞാൻ പോയിട്ടുണ്ട്. മദ്രാസിലും എറണാകുളത്തും മാത്രമാണ് പോകാത്തത്.

അങ്ങനെ വായിച്ചുവായിച്ച് ഒരുസമയത്ത് പുസ്തകം എഴുതിയാൽ എന്താഎന്നുതോന്നി. ടി.സി.എസിൽ ഞാൻ മെയിൻ ഫ്രെയിം ആയിരുന്നു ചെയ്തുകൊണ്ടിരുന്നത്. മെയിൻഫ്രെയിമിൻെറ ബുക്കുകൾ എന്നാൽ ഐ.ബി.എമ്മിൻെറ മാന്വലുകളായിരുന്നു. ഇത് മനസ്സിലാക്കാൻ ബുദ്ധിമുട്ടാണ്. പിന്നെയുള്ളത് ഫോറിൻ ബുക്കുകളാണ്. അവയ്ക്ക് വില വളരെകൂടുതലാണ്. എല്ലാവരും സാധാരണ ചെയ്തുകൊണ്ടിരുന്നത് ഫോട്ടോസ്റ്റാറ്റ് എടുക്കുകയാണ്. എന്നാലും വിദേശ എഴുത്തുകാരുടെ ശൈലി നമ്മുടെ ആൾക്കാർക്ക് മനസ്സിലാക്കാൻ കുറച്ച് ബുദ്ധിമുട്ടാണ്. അങ്ങനെ ഞാൻ നാലഞ്ചു പ്രസാധകർക്കെഴുതി, ഇവിടെ ഇങ്ങനെ ഒരു മാർക്കറ്റുണ്ടെന്ന്. എല്ലാവരുടെയും മറുപടിവന്നു. ഡൽഹി പുസ്തക് മഹലിൻെറ വികാസ് ഗുപ്ത നേരിട്ടുവന്നുകണ്ടു. അങ്ങനെ ആദ്യപുസ്തകം, 'കസ്റ്റമർ ഇൻഫർമേഷൻ കൺട്രോൾ സിസ്റ്റംസ്- എ കംപ്ലീറ്റ് ബുക്ക് ഫോർ ആപ്ലിക്കേഷൻ പ്രോഗ്രാമേഴ്സ് പുറത്തുവന്നു." 280 പേജിലുള്ള പുസ്തകത്തിന് 199 രൂപയായിരുന്നുവില.

പിന്നെ തുടർച്ചയായി പുസ്തകങ്ങൾ. 1997-ൽ പ്രസിദ്ധീകരിച്ച 'ഇൻറർനെറ്റ് ഫോർ എവ്രിവണ്ണി'ൻെറ ഒരുലക്ഷത്തിലേറെ കോപ്പികളാണ് ചെലവായത്. ഇ-മെയിൽ ഐ.ഡി. ഉണ്ടാക്കുന്നതുമുതൽ അക്കാലത്ത് പുതുമയായിരുന്ന ഇൻറർനെറ്റിൻെറ എല്ലാവശങ്ങളും സമഗ്രമായി പ്രതിപാദിക്കുന്ന ഇതിൻെറ 2500 കോപ്പികൾ വീതം വർഷംതോറും വിറ്റുപോകുന്നു. രണ്ടായിരത്തിൻെറ പിറവിയിൽ ലോകത്തെ ഉത്കണ്ഠയിലാഴ്ത്തിയ 'വൈ ടു കെ' പ്രശ്നത്തെപ്പറ്റി അലക്സിസ് എഴുതിയ 'ഐബിഎം മെയിൻഫ്രെയിം ആൻഡ് ഇയർ 2000 സൊലൂഷൻസ്' ചൂടപ്പംപോലെ വിറ്റു. മാത്രമല്ല മെയിൻഫ്രെയിം പരിശീലന കേന്ദ്രങ്ങളിലെ മുഖ്യപാഠപുസ്തകങ്ങളിലൊന്നായി മാറുകയും ചെയ്തു.

ഇന്ത്യയിലെ ഏറ്റവും വലിയ പ്രൊഫഷണൽ വിദ്യാഭ്യാസ പുസ്തകങ്ങളുടെ പ്രസാധകരായ ടാറ്റ മക്ഗ്രോ-ഹിൽ അലക്സിസിൻെറ 15 പുസ്തകങ്ങൾ പുറത്തിറക്കി. ഇവയിൽ രണ്ടെണ്ണം മന്ദാരിൻ-ചൈനീസ് ഭാഷയിലേക്ക് വിവർത്തനംചെയ്യപ്പെട്ടു. അമേരിക്ക ആസ്ഥാനമായുള്ള ആർട്ടെക് ഹൗസാണ് 'എ ഗൈഡ് ടു കോൺഫിഗറേഷൻ മാനേജ്മെൻറി'ൻെറ പ്രസാധകർ. അമേരിക്കൻ സോഫ്റ്റ്വെയർ വിദഗ്ധൻ റിച്ചാഡ് ബ്രൂക്കുമായി ചേർന്ന് രണ്ടുപുസ്തകങ്ങൾ എഴുതി.

നാല്പത്തിയൊന്നു പുസ്തകങ്ങൾ എഴുതിയും തിരുത്തിയും വീണ്ടും എഴുതിയും നേടിയ അനുഭവത്തിൽ നിന്ന് ടെക്നിക്കൽ പുസ്തകങ്ങൾ എഴുതേണ്ടത് എങ്ങനെ എന്നതിനെപ്പറ്റി പുസ്തകം എഴുതുകയാണ് അലക്സിസ് ഇപ്പോൾ. ഒപ്പം മറ്റൊരുപുസ്തകവും.

രാവിലെ അഞ്ചിന് അലക്സിസിൻെറ ദിനം തുടങ്ങും. കിടക്കയിൽ നിന്നെഴുന്നേല്ക്കാൻ അര മുക്കാൽ മണിക്കൂർ എടുക്കും. ആരെങ്കിലും കൈ നൽകി പൊക്കണം. ചെരിഞ്ഞോ മറിഞ്ഞോ കിടക്കാനാകില്ല. "പണ്ട് ഞാൻ നേരെയാണ് കിടന്നുറങ്ങിയിരുന്നത്. അതെന്തായാലും ഇപ്പോൾ ഉപകാരപ്പെട്ടു" - ചിരിയോടെ അലക്സിസ് പറയുന്നു.

കുളി, പല്ലുതേപ്പ് ഇതിനൊക്കെക്കൂടി രണ്ടു രണ്ടര മണിക്കൂർ. ഒമ്പതരയോടെ പഠനമുറിയിലെത്തും. ഒന്നരവരെ വായന, നോട്ടു കുറിക്കൽ, എഴുത്ത്. രണ്ടര മൂന്നാകുമ്പോൾ ഉറക്കം. ആറുവരെ. വീണ്ടും പുലർച്ചെ ഒരു മണി വരെ വായനയും എഴുത്തും. മുമ്പ്, അനലൈസ് ഇൻറർനാഷണൽ കോർപ്പറേഷൻ എന്ന കമ്പനിക്കു വേണ്ടി ടെലിഫോൺ ഇൻറർവ്യൂ ചെയ്തിരുന്നു. ഇപ്പോൾ ഇല്ല.

മാത്യുസുമൊത്തുള്ള കമ്പനിയായ എൽ ആൻഡ് എൽ കൺസൾട്ടൻസി, പുസ്തകനിരൂപണ സൈറ്റായ പെഗാസസ് ബുക്ക് ക്ലബ്, തങ്ങളുടെ പുസ്തകങ്ങളുടെ കമ്പാനിയൻ സൈറ്റായ ലിയോൺ-ലിയോൺ.കോം, എഴുത്തിനെയും പഠനത്തെയും പുസ്തക പ്രസിദ്ധീകരണത്തെയും മറ്റും പറ്റി പറയുന്ന ബ്രെയിൻ ട്രീ ബുക്ക്, അലക്സിസ് ആർക്ക്, ഓൺ റൈറ്റിങ് എ ബുക്ക് എന്നീ ആറു വെബ്സൈറ്റുകളുടെയും സ്വന്തം ബ്ലോഗിൻെറയും (alexisleon.com/ros/) കാര്യം നോക്കണം. രണ്ട് ഐ.ടി. മാസികകൾക്ക് പതിവായി കോളം എഴുതണം. അതിനിടെ പുസ്തകരചന, ആത്മകഥാരചന.

ഈ വർഷം സാഹിത്യരംഗത്തേക്കും കടക്കുന്നു അലക്സിസ്. ചെറുകഥയിലാണ് തുടങ്ങുക. ഒരു നോവലും മനസ്സിലുണ്ട്. ഭൂപരിഷ്കരണ നിയമം മുതൽ ഇതുവരെയുള്ള കേരളം പശ്ചാത്തലമാകുന്ന നോവൽ.



അലക്സിസ് ലിയോൺ —ഫോട്ടോ: ടി.കെ. പ്രദീപ്കുമാർ

വീൽചെയറിലിരുന്ന് എത്താൻ പറ്റാത്ത ലോകത്തെ പുസ്തകങ്ങളിലൂടെയും ഇൻറർനെറ്റിലൂടെയും സ്വന്തം മുറിയിൽ എത്തിക്കുന്നു അലക്സിസ്. രണ്ടായിരത്തിലാണ് മാത്യൂസുമൊത്ത് അലക്സിസ് കാക്കനാട്ട്താമസം തുടങ്ങിയത്. അതോടെ വല്ലപ്പോഴുമുള്ള ആസ്പത്രി യാത്രയിലൊതുങ്ങി അലക്സിസിൻെറ പുറംലോക കാഴ്ചകൾ. പിന്നെ വീടിൻെറ ഇത്തിരി വട്ടത്തിലും. അതിൽ അലക്സിസിനു ദുഃഖമില്ല.

"27 വയസ്സിൽ ആക്സിഡൻറ് നടക്കും വരെ നല്ല ഭംഗിയായി പ്രകൃതി കണ്ട മനുഷ്യനാണ് ഞാൻ. മുട്ടുചിറയിൽ ഞങ്ങളുടെ വീട്ടുപരിസരത്ത് എല്ലാ ജീവജാലങ്ങളും ചെടികളുമുണ്ടായിരുന്നു. കോളേജിൽ പഠിക്കുമ്പോൾ പരീക്ഷത്തലേന്നു പോലും ബൈക്കിൽ നാടുചുറ്റലായിരുന്നു. ഒരോ മനുഷ്യനും ജീവിതത്തിൽ ദൈവം ഓരോ ക്വോട്ട വെച്ചിട്ടുണ്ട്. എൻെറ ക്വോട്ട കഴിഞ്ഞു. ഇതാണ് ജീവിതത്തിൽ എൻെറ മനോഭാവം.

വിവാഹവും കുടുംബജീവിതവും ഒന്നും നടക്കാതെ പോയതിൽ ഇപ്പോൾ ദുഃഖമില്ല. നടന്നിരുന്നെങ്കിൽ കൊള്ളാം എന്നേയുള്ളൂ. തന്നെയുമല്ല, വിവാഹത്തിനു മുമ്പ് ആക്സിഡൻറ് സംഭവിപ്പിച്ചതിൽ ദൈവത്തോട് നന്ദിയുണ്ട്. വീൽചെയർ ജീവിതത്തെപ്പറ്റി ചിന്തിച്ച് ആകുലപ്പെടാറുമില്ല. അങ്ങനെ തുടങ്ങിയാൽ അതിനേ നേരം കാണൂ. അത് വല്ലാത്ത ഒരു ഡിപ്രഷനിലേക്ക് കൊണ്ടുപോകും. പിന്നെ, വല്ലപ്പോഴും കടുത്ത ദുഃഖമുണ്ടാകും. അതും കൊല്ലത്തിൽ ഒന്നോ രണ്ടോ തവണ. അത് രാത്രിയിൽ ആരും കാണാതെ കരഞ്ഞു തീർക്കും. കരയുമ്പോൾ ആത്മാർഥമായിത്തന്നെ കരയും. അതോടെ വല്ലാത്ത ആശ്വാസമാകും.

ആക്സിഡൻറിന് മുമ്പ് പിമ്പ് എന്ന് ജീവിതത്തെ താരതമ്യപ്പെടുത്തുന്നില്ല. ആക്സിഡൻറ് ഉണ്ടായില്ലായിരുന്നെങ്കിൽ തൊഴിലിൽ ഒരു ഉയർന്ന നിലയിലെത്തിയേനേ. ഇപ്പോൾ പുസ്തകങ്ങൾ എഴുതുന്നു. അത്രയേ ഉള്ളൂ. എഴുന്നേറ്റു നടക്കാനാവുമെങ്കിൽ, അതിനാവുമെന്നു തന്നെയാണ് വിശ്വാസം. ഇപ്പോഴും ഒട്ടേറെ അവസരങ്ങൾ മുമ്പിലുണ്ട്. പഠിപ്പിക്കാൻ എനിക്കിഷ്ടമാണ്. അനിയൻെറയും അനിയത്തിയുടെയും മക്കൾക്ക് ഇംഗ്ലീഷും കണക്കും പറഞ്ഞുകൊടുക്കാറുണ്ട്.

ഞാൻ എൻെറ വിഷമങ്ങൾ മറ്റുള്ളവരോടു പറയുന്നതിനേക്കാൾ അവർ അവരുടെ പ്രശ്നങ്ങൾ എന്നോടു പറയുകയാണു പതിവ്. എൻെറ വിഷമങ്ങൾ ഞാൻ മാത്യൂസിനോടേ പറയാറുള്ളൂ. അവൻ വളരെ ആത്മസംയമനമുള്ള കൂട്ടത്തിലാണ്.

എന്തു സംഭവിച്ചാലും അതു സ്വീകരിക്കുക. അംഗീകരിക്കുക. അങ്ങനെ ചെയ്യാതിരിക്കുമ്പോഴാണ് പ്രശ്നം. അപ്പോഴാണ് ഡിപ്രഷനും എന്തുകൊണ്ട് എന്ന ചോദ്യവും ഒക്കെ ഉണ്ടാകുന്നത്. അംഗീകരിച്ചുകഴിഞ്ഞാൽ മനഃസമാധാനമുണ്ടാകും. ശാന്തതയുണ്ടാകും. വല്ലപ്പോഴും ഡിപ്രഷൻ ഉണ്ടാകും. ഇല്ലെന്നല്ല. എന്നാലും, നമ്മുടെ അവസ്ഥയെ ഒരിക്കൽ അംഗീകരിച്ചു കഴിഞ്ഞാൽ നമ്മുടെ മനസ്സിൻെറ മേൽ കൂടുതൽ നിയന്ത്രണം കൈവരും. പിന്നെ, പങ്കുവെക്കാൻ ആരെങ്കിലുമുണ്ടാകണം. സുഹൃത്തുക്കൾ, ബന്ധുക്കൾ ആരെങ്കിലും!"